LITERATURE

# സാഹിത്യത്തിലെ ജനാധിപത്യം: മിഖായേൽ ബഖ്തിന്റെ നോവൽ സിദ്ധാന്തങ്ങൾ ഒരു പഠനം

**യൂനസ് എം.ടി.പി.**
റിസർച്ച് സ്കോളർ
അലിഗഢ് മുസ്ലിം യൂനിവേഴ്സിറ്റി
അലിഗഢ്, യു.പി.
E-Mail: mtpnuhairi@gmail.com
ORCID: 0009 0007 7223 3195

**സംഗ്രഹം**

റഷ്യൻ സൈദ്ധാന്തികൻ മിഖായേൽ ബഖ്തിന്റെ നോവൽ സിദ്ധാന്തങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു വിശകലനമാണ് ഈ പ്രബന്ധം. നോവലിനെ ബഹുസ്വരവും (Polyphonic) സംവാദപരവുമായ (Dialogical) ഒരു സാഹിത്യരൂപമായി അദ്ദേഹം കണ്ടതിനെക്കുറിച്ച് ഇവിടെ വിശദീകരിക്കുന്നു. ഏകവാദപരമായ (Monological) ഇതിഹാസ പാരമ്പര്യത്തിൽ നിന്ന് നോവൽ എങ്ങനെ വ്യതിചലിക്കുന്നു എന്ന് പഠനം പരിശോധിക്കുന്നു. കാർണിവൽസങ്കല്പത്തിലൂടെ ജനകീയസംസ്കാരത്തിന്റെ ചിരിയും പരിഹാസവും ഔദ്യോഗിക ഭാഷയെയും അധികാരഘടനകളെയും എങ്ങനെ ശിഥിലമാക്കുന്നു എന്ന് പ്രബന്ധം ചർച്ച ചെയ്യുന്നു. കൂടാതെ, ഭാഷയിലെ സാമൂഹികവൈവിധ്യത്തെ അടയാളപ്പെടുത്തുന്ന ബഹുഭാഷണത (Heteroglossia) എന്ന ആശയത്തെയും വിലയിരുത്തുന്നു. ഒരു പ്രത്യയശാസ്ത്രത്തിനും പൂർണ്ണമായമേൽക്കോയ്മ നൽകാതെ, എല്ലാ ശബ്ദങ്ങൾക്കും തുല്യപ്രാധാന്യം നൽകുന്ന സാഹിത്യത്തിലെ ജനാധിപത്യമാണ് ബഖ്തിന്റെ സിദ്ധാന്തങ്ങൾ മുന്നോട്ട്വെക്കുന്ന കാതലായ ആശയം എന്ന് ഈ വിശകലനം കണ്ടെത്തുന്നു.

**താക്കോൽവാക്കുകൾ:** ബഖ്തിൻ, നോവൽ സിദ്ധാന്തം, ബഹുസ്വരത, സംവാദപരത, കാർണിവൽ, ബഹുഭാഷണത


ISSN: 2582 - 2594

നോവൽസാഹിത്യത്തെ ബന്ധപ്പെടുത്തി സിദ്ധാന്തങ്ങൾ അവതരിപ്പിച്ച റഷ്യൻ സൈദ്ധാന്തികനാണ് മിഖായേൽ ബഖ്തിൻ. ഭാഷാചിന്ത, നോവൽ സിദ്ധാന്തം, മാനസികാപഗ്രഥനം, മാർക്സിസം തുടങ്ങിയ വിവിധ മേഖലകളിലായി പടർന്നിട്ടുള്ളതാണ് ബഖ്തിന്റെ ധിഷണാലോകം.[1] ജീവിതം ക്ലേശകരമായിരിക്കുമ്പോഴും പഠനവും എഴുത്തും തുടർന്ന അദ്ദേഹത്തിന് വൈജ്ഞാനികലോകത്തിന് വിവിധ സംഭാവനകൾ നൽകാൻ സാധിച്ചു. ജീവിതകാലത്ത് അദ്ദേഹത്തിന്റെതായി രണ്ടു പുസ്തകങ്ങൾ മാത്രമേ വെളിച്ചം കണ്ടുള്ളുവെങ്കിലും മരണാനന്തരം സമാഹാരങ്ങളും ലേഖനങ്ങളുമായി പത്തിലധികം പുസ്തകങ്ങൾ ബഖ്തിന്റെതായി കണ്ടെടുത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.[2] കാലഘട്ടത്തിനനുസരിച്ച് ബഖ്തിൻ കൃതികളെ മൂന്നായി തരംതിരിക്കാം. ഒന്ന്, സൗന്ദര്യശാസ്ത്രത്തെയും ധർമശാസ്ത്രത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ആദ്യകാലരചനകളാണ്. നോവലിന്റെ ചരിത്രത്തെക്കുറിച്ചുള്ള പ്രബന്ധങ്ങളും പുസ്തകങ്ങളുമാണ് രണ്ടാമത്തെ ഗണം. ഒടുവിലത്തേത് മരണാനന്തര പ്രസിദ്ധീകൃതമായവയും. ദസ്തയേവ്സ്കിയുടെ കാവ്യമീമാംസാ പ്രശ്നങ്ങൾ (Dostoyevsky's Poetics, 1929), സംവാദാത്മകഭാവന (The Dialogic Imagination: Four Essays by M.M. Bakhtin, 1965-75), മാർക്സിസവും ഭാഷയുടെ തത്ത്വശാസ്ത്രവും (Marxism and the Philosophy of Language, 1929), ഭാഷണരൂപങ്ങൾ (Speech Genres and Other Latee Essays), 'റാബലെയും അദ്ദേഹത്തിന്റെ ലോകവും' (Rabelais and His World, 1940), ഫ്രോയ്ഡിയനിസം (Freudianism: A Marxist Critique, 1927) തുടങ്ങിയവയാണ് പ്രധാന ബഖ്തിൻ കൃതികൾ. കൂടാതെ അനേകം പ്രബന്ധങ്ങളും അപൂർണരചനകളും അദ്ദേഹത്തിന്റെതായിട്ടുണ്ട്.

**ബഖ്തിന്റെ നോവൽസങ്കല്പങ്ങൾ**

നോവലിനെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ബഖ്തിൻ സങ്കല്പനങ്ങളിൽ പോളിഫണി (ബഹുസ്വരത), കാർണിവൽ' (ഉത്സവം/ആഘോഷം), ഡയലോജിസം (സംവാദപരത) എന്നീ സംജ്ഞകളാണ് സമകാലികസാഹിത്യത്തിൽ ഏറ്റവും കൂടുതൽ പഠനവിധേയമാക്കപ്പെടുന്നത്. റഷ്യൻ നോവലിസ്റ്റായ ഫയദോർദസ്തയേവ്സ്കിയുടെ രചനകളെ അടിസ്ഥാനപ്പെടുത്തിയാണ് മിഖായേൽ ബഖ്തിൻ തന്റെ നോവൽ സിദ്ധാന്തം മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതും.

ബഖ്തിന് നോവൽ എന്നാൽ അധികാരവൃത്തങ്ങൾക്കും അവരുടെ ഔദ്യോഗിക സംസ്കാരത്തിനും എതിരായി വർത്തിക്കാൻ ശേഷിയുള്ള സാഹിത്യരൂപമാണ്. ഓരോ കാലത്തെയും സാമൂഹിക-സാംസ്കാരിക പ്രക്രിയയുടെ സാഹിത്യരൂപം കൂടിയാണ് അദ്ദേഹത്തിന് നോവൽ. ഓരോ കാലവും സംവദിക്കുന്ന ഓരോ പ്രത്യയശാസ്ത്രങ്ങളുടെയും സ്വരം നോവൽസമൂഹത്തെ കേൾപ്പിക്കുന്നു. എന്നാൽ ഒരു പ്രത്യയശാസ്ത്രത്തിനും വിശേഷിച്ചുള്ള മേൽക്കോയ്മ ബഖ്തിന്റെ നോവൽസങ്കല്പം നൽകുന്നുമില്ല. ജനാധിപത്യപരമായ ശൈലിയിൽ ഓരോ കാലത്തെയും ജീവിതത്തിന്റെ വിവിധ വശങ്ങളെ പ്രതിഫലിപ്പിക്കുകയും ഔദ്യോഗികസംസ്കാരത്തെ എതിർക്കുകയും ചെയ്യുന്ന സാഹിത്യരൂപമാണ് അദ്ദേഹത്തിന് നോവൽ. സാഹിത്യസിദ്ധാന്തത്തിൽ മാത്രം പരിമിതപ്പെട്ടുനില്ക്കുന്നതല്ല ബഖ്തിന്റെ ചിന്തയും ലോകവും. രാഷ്ട്രീയധാരയിലേക്കും തത്ത്വചിന്തയിലേക്കും ഭാഷാശാസ്ത്രമേഖലയിലുമെല്ലാം അത് വ്യാപിച്ചുനില്ക്കുന്നു. സ്റ്റാലിൻ ഭരണകാലത്ത് രാഷ്ട്രീയചുറ്റുപാടുകൾ നിമിത്തം ശോഭിക്കാൻ കഴിയാതെ

പോയ ബഖ്തിനെ, ആ ഭരണകാലഘട്ടം പൂർണ്ണമാവുന്നതോടെ വൈജ്ഞാനികമേഖല വീണ്ടെടുക്കപ്പെടുകയായിരുന്നു. ഇന്ന് റഷ്യയുടെ വൈജ്ഞാനികമേഖലയിൽ ഏറ്റവുമധികം പഠിക്കപ്പെടുന്ന സൈദ്ധാന്തികനാണ് ബക്തിൻ. ഒപ്പം മറ്റു രാജ്യങ്ങളിലും അദ്ദേഹത്തിന്റെ ആവിഷ്കാരങ്ങൾക്ക് സ്വീകാര്യത വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

**പോളിഫണി**

നിരവധി എന്ന് അർഥം വരുന്ന ഗ്രീക്ക് പദം 'പോളി'യും ശബ്ദം എന്നർഥം തരുന്ന മറ്റൊരു ഗ്രീക്ക് പദം 'ഫോണോസും' ചേർന്നിട്ടാണ് പോളിഫണി എന്ന പദം രൂപംകൊള്ളുന്നത്.[3] പക്ഷപാതിത്വമന്യേ വ്യത്യസ്തമായ എല്ലാ സ്വരങ്ങളെയും പരിഗണിക്കുന്ന ബഹുസ്വരമായ ഒരു സംജ്ഞയെയാണ് ഈ പദം പ്രതിനിധാനം ചെയ്യുന്നത്. നോവൽസാഹിത്യത്തിന്റെ സവിശേഷതയായാണ് ബഖ്തിൻ പോളിഫണിയെ അവതരിപ്പിക്കുന്നത്. അതിനാൽ മറ്റു നോവലുകളിൽ നിന്നും വിശാലവും വ്യത്യസ്തവുമായ തലങ്ങൾ ഇത്തരം നോവലുകളിൽ പ്രതിഫലിച്ചു നിൽക്കുന്നു. പോളിഫോണിക് നോവലുകൾ അതിലെ കഥാപാത്രങ്ങൾക്ക് ആശയപ്രകടനത്തിന് പൂർണമായ സ്വാതന്ത്ര്യം നൽകുന്ന വേദികൂടിയാണ്. അഥവാ ഈ നോവലുകൾ വ്യത്യസ്ത ചിന്താധാരകൾക്ക് പരസ്പരം സംവദിക്കാനുള്ള തുറന്ന ഇടമാണ് സൃഷ്ടിക്കുന്നത്.[4] ഡേവിഡ്ലോഡ്ജ് അടയാളപ്പെടുത്തുന്നത് പ്രകാരം 'ഒരു ശബ്ദത്തിനും ആധികാരികമായ സ്ഥാനം നൽകാതെതന്നെ വ്യത്യസ്തവും വൈരുധ്യവുമായ ഒട്ടനവധി ശബ്ദങ്ങൾക്ക് സംവദിക്കുന്നതിനുള്ള ഇടമൊരുക്കുകയാണ് പോളിഫോണിക് നോവലുകൾ.'[5]

ഗദ്യസാഹിത്യത്തിന്റെ മാത്രം സവിശേഷതയാണ് ബഹുസ്വരത(polyphony). കാവ്യസാഹിത്യം ഇത്തരം ഗുണവിശേഷം കൈവരിക്കാൻ ശ്രമിക്കുംതോറും അത് നോവൽസാഹിത്യത്തോട് അടുത്തുകൊണ്ടിരിക്കുമെന്നും ബഖ്തിൻ സൂചിപ്പിക്കുന്നുണ്ട്. പുഷ്കിന്റെ 'യുജീൻ ഒനേഗിൻ' എന്ന കാവ്യം ഇതിനുള്ള തെളിവായി ബഖ്തിൻ എടുത്തുകാണിക്കുന്നു. നോവലിന്റെയും കവിതയുടെയും ധർമം ഭിന്നമാണ്. അവയുടെ വ്യവഹാരങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് ഈയൊരു വൈരുദ്ധ്യത്തിനു ഹേതു. കാവ്യവ്യവഹാരത്തിന്റെ ഘടകങ്ങളായി ബഖ്തിൽ സൂചിപ്പിക്കുന്ന അലങ്കാരപ്രയോഗങ്ങളും രൂപകങ്ങളുടെ ഉപയോഗവും നോവലിനെ ശക്തിപ്പെടുത്തുകയല്ല, മറിച്ച് ദുർബലമാക്കാനേ സഹായിക്കൂ എന്നാണ് ബഖ്തിന്റെ അഭിപ്രായം. പോളിഫോണിക് നോവലുകൾ ആഖ്യാതാവിന്റെ വാക്കുകളേക്കാൾ, മറ്റുള്ളവരുടെ വീക്ഷണങ്ങൾ പ്രകാശനം ചെയ്യപ്പെടുന്നതിന് പ്രാധാന്യം നൽകുന്നു. ഭാവഗാനമോ മഹാകാവ്യമോ വായിക്കുമ്പോൾ ഈയൊരു ആവിഷ്കാരരീതി അനുവാചകർക്ക് അനുഭവപ്പെടാൻ സാധിക്കില്ല. ഒരു പ്രത്യേകവിഭാഗത്തിന്റെ ലോകവീക്ഷണമുല്പാദിപ്പിക്കുന്ന ഭാഷാവ്യവഹാരമാണ് മഹാകാവ്യത്തിൽ കേൾക്കാൻ സാധിക്കുക. മഹാകാവ്യകാരൻ അനുവാചകർക്കിടയിൽ നിലനിർത്തുന്ന ഈ അകലം പാലിക്കൽപ്രക്രിയ പോളിഫോണിക് നോവലിസ്റ്റിന് നിലനിർത്താൻ സാധിക്കില്ല. ഉദാരമാനവീകതയുടെയും ജനാധിപത്യത്തിന്റെയും നിക്ഷേപമുള്ള സാഹിത്യരൂപമെന്ന നിലയിൽ മാത്രമേ ഇവിടെ പോളിഫോണിക് നോവലുകൾക്ക് വർത്തിക്കാൻ സാധിക്കുകയുള്ളൂ. വിവിധ ഭാഷകളുടെയും സംസ്കാരങ്ങളുടെയും വിരുദ്ധഭാവങ്ങളെ ഉൾക്കൊള്ളാൻ മാത്രം ഉദാരമായ ഒരു ഭാഷാവ്യവഹാരമായി പോളിഫോണിക് നോവലുകൾ


ISSN: 2582 - 2594

ഇവിടെ സമൂഹത്തിന്റെ കണ്ണാടിയായി മാറുന്നു. അപ്പോൾ നോവലിലൂടെ സംസാരിക്കുന്നത് നോവലിസ്റ്റെന്ന ഒരു വ്യക്തിയല്ല, മറിച്ച് ഭിന്ന വ്യവഹാരങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു സമൂഹമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. അങ്ങനെയാണ് സാഹിത്യത്തിന്റെ ബാഹ്യമെന്ന് കണക്കാക്കപ്പെട്ടിരുന്ന കോമാളിയുടെയും വിദൂഷകന്റെയും സ്വരങ്ങളെ, അവരെല്ലാം ഉൾക്കൊള്ളുന്ന വലിയൊരു ലോകത്തെ റാബലെപ്പോലുള്ളവർ കലയിലേക്ക് സന്നിവേശിപ്പിച്ച് സാഹിത്യലോകത്തെ സമ്പന്നമാക്കുന്നത്.

എഴുത്തുകാരന്റെ ആഖ്യാനങ്ങൾക്ക് ഊന്നൽ നൽകി വായനക്കാരനെ കേവലം കാഴ്ചക്കാരാക്കി മാത്രം മാറ്റുന്ന ഏകദിശാത്മക(Monologic) നോവലുകളിൽ നിന്നും വിഭിന്നമായി, സംവാദാത്മകമായ നോവലുകൾ വായനക്കാരെ കൂടെ ഉൾക്കൊള്ളുന്ന ശൈലിയാണ് സ്വീകരിക്കുന്നത്. മോണോലോജിക് നോവലുകളിൽ ചില കഥാപാത്രങ്ങൾക്ക് പ്രത്യേകം നായക പരിവേഷം നൽകി, നായകന്റെ പ്രവർത്തനങ്ങളിലൂടെ എഴുത്തുകാരന്റെ ചിന്തകൾ വായനക്കാരിലേക്ക് സന്നിവേശിപ്പിക്കാൻ ശ്രമിക്കുന്ന രീതിയാണ്. എന്നാൽ സംവാദാത്മകശൈലിയിലുള്ള പോളിഫോണിക് നോവലുകൾ പ്രത്യേക നായകപരിവേഷം എന്ന സങ്കല്പത്തിന് പ്രാധാന്യം നൽകുന്നതിന് പകരം ആരുടെയും അഭിപ്രായങ്ങൾക്ക് ഊന്നൽ നൽകാതെ, എന്നാൽ എല്ലാ സ്വരങ്ങളെയും ഉൾക്കൊള്ളുന്ന രൂപത്തിൽ ബഹുസ്വരസമീപനം സ്വീകരിക്കുന്നു. കഥാപാത്രങ്ങൾക്ക് മാത്രമല്ല, വായനക്കാർക്ക് പോലും ഇത്തരം നോവലുകളിൽ കൃത്യമായ ഇടം നൽകപ്പെടുന്നു. ഏകദിശാത്മക നോവലുകളിൽ കാണപ്പെടുന്ന സ്ഥായിയായ, തിരുത്തലുകൾക്ക് വിധേയപ്പെടാത്ത നായകപരിവേഷങ്ങൾക്ക് പകരം പോളിഫോണിക് നോവലുകൾ പൂർണസ്വാതന്ത്ര്യമുള്ള, വ്യത്യസ്തവീക്ഷണങ്ങളോടുകൂടിയ കഥാപാത്രത്തെ വായനക്കാരന് ദർശിക്കാൻ സാധിക്കുന്നു.[6] പോളിഫോണിക് നോവലുകളിലെ നായക പരിവേഷമുള്ള കഥാപാത്രംതന്നെക്കുറിച്ച് മാത്രമല്ല, തനിക്ക് ചുറ്റുമുള്ള വൈവിധ്യമാർന്ന ലോകത്തെക്കുറിച്ചും അതിലെ മനുഷ്യരെക്കുറിച്ചും വാചാലനാണ്. ഇവിടെ നായകൻ എങ്ങനെ ലോകത്തിന് മുന്നിൽ പ്രത്യക്ഷപ്പെടുന്നു എന്നതല്ല, മറിച്ച് ലോകം എങ്ങനെ നായകന് മുന്നിൽ പ്രത്യക്ഷപ്പെടുന്നു എന്ന ദിശയിലൂടെയാണ് നോവൽ പരിണമിക്കുന്നത്. അഥവാ കേന്ദ്രീകൃതമായ ഒരു കഥാപാത്രശൈലിയെ പൊളിച്ചെഴുതി പുനരാഖ്യാനം നടത്തുകയാണ് പോളിഫോണിക് നോവലുകൾ. ഇത്തരത്തിൽ കഥാപാത്രങ്ങൾക്ക് അഭിപ്രായപ്രകടനത്തിനുള്ള പരിപൂർണ സ്വാതന്ത്ര്യം നൽകുന്നതിലൂടെ രചയിതാവ് നിഷ്ക്രിയനാവുകയല്ല, എല്ലാ അഭിപ്രായങ്ങളെയും ഒരുമിപ്പിക്കുന്ന വലിയ ദൗത്യം അദ്ദേഹത്തിൽ നിക്ഷിപ്തമാവുകയാണിവിടെ. തന്റെ കാഴ്ചപ്പാടുകളെ പൊതുസമൂഹത്തിൽ പ്രകടമാക്കുക എന്ന രീതിയിൽ നിന്നും വിഭിന്നമായി മറ്റുള്ളവർക്ക് പ്രാധാന്യം നൽകി എല്ലാ കഥാപാത്രങ്ങളുടെയും അഭിപ്രായങ്ങളെ സ്വരൂപിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരികയാണ് ഇവിടെ രചയിതാവ്.[7]

ഏകാത്മകമായ ലോകവീക്ഷണവും നായകപ്രാധാന്യവും സാധാരണ സംഭാഷണഭാഷയെക്കാൾ ഔദ്യോഗികസംസ്കാരത്തിന്റെ സ്വരപ്രാമുഖ്യം നേടുന്ന ഭാഷയും സുവർണ ഭൂതകാലത്തെക്കുറിച്ചുള്ള ഇതിഹാസസമാനവുമായ സങ്കല്പവുമുള്ള സാഹിത്യരൂപമല്ല നോവൽ. പൗരാണികമായ ആ സാർവ ജനീന വീക്ഷണത്തിന്റെ തകർച്ചയെ അടയാളപ്പെടുത്തിക്കൊണ്ടാണ് നോവൽ ഉദയംചെയ്തതുതന്നെ. എല്ലാ സ്വരങ്ങൾക്കും തുല്യ പ്രാധാന്യമുള്ളതും ഔദ്യോ

ഗികസംസ്കാരവിരുദ്ധമായ ജനകീയവും ബഹുഭാഷണസ്വരവുമായ രൂപമാണ് നോവൽ എന്ന സാരം. എല്ലാ നോവലുകളും ഇങ്ങനെ ബഹുഭാഷണപരം (polyphonic) അല്ല. ബഹുഭാഷണ പരമല്ലാത്തവയിൽ ഗ്രന്ഥകാരസ്വരത്തിനാണ് പ്രാധാന്യം. ഔദ്യോഗികസംസ്കാരത്തിന്റെ സ്വരമായിരിക്കും അത്. 'മോണോലോജിക്കൽ നോവലുകൾ' എന്ന് ബഖ്തിൻ ഈ കൃതികളെ നാമകരണം ചെയ്തു.[8]

'മോണോലോജിക്കൽ നോവലുകൾക്ക് മാതൃകയായി ടോൾസ്റ്റോയിയുടെ കൃതികളെയും പോളിഫോണിക് നോവലുകൾക്ക് മാതൃകയായി ദസ്തയേവ്സ്കിയുടെ കൃതികളെയുമാണ് ബഖ്തിൻ അടയാളപ്പെടുത്തുന്നത്. ബഖ്തിന്റെ കാഴ്ചപ്പാടിൽ, ഔദ്യോഗികസംസ്കാരത്തിന്റെ പ്രത്യയശാസ്ത്രത്തെയും ഭാഷയെയും എതിർത്ത് ബഹുസ്വരവും അധികാരത്തിന്റെ ഔദ്യോഗി കതകൾക്ക് വിരുദ്ധവുമായ ഒരു തരം ജനകീയസാംസ്കാരിക കലാതന്ത്രം രൂപപ്പെടുത്തുന്ന സാഹിത്യരൂപമായി നോവൽസമൂഹത്തോട് സംവദിക്കുന്നു.

'പ്രോബ്ലംസ് ഓഫ് ദസ്തയേവ്സ്കീസ് പൊയറ്റിക്സ്' എന്ന കൃതിയിൽ ബഖ്തിൻ അടയാളപ്പെടുത്തുന്ന പോളിഫണി, ഭരണകൂടവും മതവും വിജ്ഞാനവിദ്യാഭ്യാസപദ്ധതികളും സ്ഥാപനങ്ങളുമെല്ലാം ചേർന്ന് ശ്രേഷ്ഠമെന്ന കാലാകാലങ്ങളായി അംഗീകരിച്ചിരുന്ന ഔദ്യോ ഗികസംസ്കാരത്തെ തുറന്നുകാട്ടുകയാണ് ചെയ്യുന്നത്. സാമാന്യജനത്തിന്റെ സംസ്കാരത്തെ ക്കാൾ ഇത്തരം വരേണ്യസംസ്കാരങ്ങൾ ഉത്തമമായി ഗണിക്കപ്പെട്ടിരുന്നു. അവയെ പൊളി ച്ചെഴുതുകയും സാധാരണ ജനവിഭാഗത്തെക്കൂടി ചേർത്ത്വെച്ച് ബഹുസ്വരമായ ലോകത്തെ അവതരിപ്പിക്കുകയുമാണ് ബഖ്തിൻ സിദ്ധാന്തങ്ങൾ.

### ഡയലോജിസം (സംവാദപരത)

ബഖ്തിന്റെ നോവൽസങ്കല്പങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു സംജ്ഞയാണ് ഡയലോജിസം. ഇത് സംവാദം (Dialogue) എന്ന ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു. വക്താവും ശ്രോതാവും തമ്മിലുള്ള സാമീപ്യത്തിലൂടെ മൂർത്ത സാഹചര്യത്തിൽ വികസിച്ചുവ രുന്ന ഭാഷാചിഹ്നത്തെയാണ് ബഖ്തിൻ സംവാദപരം (dialogical) എന്ന് വിശേഷിപ്പിക്കുന്നത്. ഇതിഹാസത്തിന്റേത് ഏകവാദപരമായ (monological) ഘടനയാണെന്ന് വാദിച്ച ബഖ്തിൻ നോവൽ ഈ ഭൃതബന്ധത്തെ തിരുത്തുന്നു. ഭിന്നസ്വരങ്ങളുടെ പരസ്പരസമരത്തിലൂടെയാണ് നോവലിലെ അർത്ഥവ്യവഹാരം നടക്കുന്നത്. നോവലിലെ ഭാഷയുടെ സംവാദപരമായ സ്വഭാവത്തെ ബഖ്തിൻ പ്രധാനമായി കാണുന്നു. ഗ്രന്ഥകർത്താവിന്റെ ഭാഷയിൽനിന്നും വ്യത്യസ്തമായ ഭാഷാവൈവിധ്യങ്ങൾ നോവലുകളിൽ കാണപ്പെടുന്നു. ഓരോ സമയത്തിനും സാഹചര്യത്തിനും അനുസൃതമായി നോവലിസ്റ്റ് ഓരോ ഭാഷകൾ ഉപയോഗിക്കുന്നു. ഒന്നിലും പൂർണ്ണമായി രചയിതാവ് ഇല്ലതാനും. അതിനാൽ, ഭാഷകളുടെ സംവാദപരത (dialogicality of language) പോളിഫോണിക് നോവലിന്റെ സവിശേഷതയായി മനസ്സിലാക്കാം.

വക്താവും ശ്രോതാവും തമ്മിലുള്ള സാമീപ്യത്തിലൂടെ മൂർത്ത സാഹചര്യത്തിൽ വിക സിച്ചു വരുന്ന ഭാഷാചിഹ്നത്തെ സംവാദപരം (dialogical) എന്നാണ് ബഖ്തിൻ വിശേഷി പ്പിക്കുന്നത്. വ്യാഖ്യാതാക്കൾ ബഖ്തിൻ ചിന്തയെ സൂചിപ്പിക്കാനുപയോഗിക്കുന്ന സംവാദ പരത (dialogism) ഇതുമായി ബന്ധപ്പെട്ടതാണ്. ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ

ബഖ്തിന്റെ ജീവിതാന്ത്യംവരെയുള്ള കുറിപ്പുകളിൽ തുടരെത്തുടരെ പ്രത്യക്ഷപ്പെടുന്ന സംവാദം (dialogue) എന്ന പദത്തെ ഘടനാവാദികളുടെ ഘടന എന്ന സങ്കല്പനവുമായി താരതമ്യപ്പെടുത്താവുന്നതാണ്. ഒരു വ്യവസ്ഥയിലെ ഘടകങ്ങൾ തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ഘടനാവാദികളുടെ ഘടനാസങ്കല്പം. ഘടനാവാദികളെ സംബന്ധിച്ചിടത്തോളം ഈ ബന്ധം എല്ലായ്പോഴും ദ്വന്ദ്വാധിഷ്ഠിത(binary)മായിരിക്കും. ബഖ്തിന്റെ സംവാദവും ഒരു തലത്തിൽ ഇത്തരമൊരു പാരസ്പര്യത്തെ കുറിക്കുന്നുണ്ട്. സൂചകവും സൂചിതവും പാഠവും പരിസരവും, വ്യവസ്ഥയും ചരിത്രവും, വക്താവും ശ്രോതാവും, സ്വത്വവും അന്യവും മറ്റും തമ്മിലുള്ള പാരസ്പര്യം സംവാദം എന്ന സങ്കല്പത്തിന്റെ വിവക്ഷകളിൽപ്പെടും. എങ്കിലും ഈ ദ്വന്ദ്വങ്ങളിലെ ഏകകങ്ങളിൽ ഏതെങ്കിലും ഒന്നിന് പ്രത്യക്ഷമായോ പരോക്ഷമായോ എന്തെങ്കിലും പ്രത്യേക മാന്യത കല്പിക്കാൻ ബഖ്തിൻ തയ്യാറല്ല.[9] ഒട്ടുമിക്ക നോവലുകളിലും ഗ്രന്ഥകർത്താവിന്റെ ഭാഷയിൽ നിന്നും വ്യത്യസ്തമായ ഭാഷാവൈവിധ്യങ്ങൾ കാണപ്പെടുന്നു. ഓരോ സമയത്തിനും സാഹചര്യത്തിനും അനുസൃതമായി നോവലിസ്റ്റ് ഓരോ ഭാഷകൾ ഉപയോഗിക്കുന്നു. ഒന്നിലും പൂർണമായി രചയിതാവ് ഇല്ലതാനും, അതിനാൽ ഭാഷകളുടെ ഈ സംവാദപരത 'പോളിഫോണിക് നോവലിന്റെ' സവിശേഷതയായി മനസ്സിലാക്കാം. എല്ലാ കഥാപാത്രങ്ങൾക്കും തുല്യത നൽകുന്ന തുറന്ന പുസ്തകമാണ് ബഖ്തിന് നോവൽ.

എന്നാൽ ഇതിഹാസവുമായി നോവലിനെ ബന്ധപ്പെടുത്തിയ ലൂക്കാച്ചിന്റെ നിലപാടിനോട് ബഖ്തിൻ വിയോജിപ്പ് രേഖപ്പെടുത്തുന്നുണ്ട്. ഹംഗേറിയൻ മാർക്സിസ്റ്റ് സൈദ്ധാന്തികനായ ഗയോർഗ്ലൂക്കാച്ചിന്റെ 'തിയറി ഓഫ് ദ നോവൽ' എന്ന വിഖ്യാത ഗ്രന്ഥം വിവർത്തനം ചെയ്യാൻ ബഖ്തിൻ ഒരുങ്ങിയെങ്കിലും വീക്ഷണമാറ്റത്തിന്റെ ഫലമായി പിന്നീട് ശ്രമം ഉപേക്ഷിച്ചു. ആധുനികനോവലിലെ രൂപപരീക്ഷണങ്ങളെയും പാരഡിയുടെ പ്രാധാന്യത്തെയും ബൂർഷ്വാജീർണതയായി ലൂക്കാച്ച് കണ്ടു. ബഖ്തിൻ അവയിൽ ജനകീയ ജനാധിപത്യവേരുകളും. സമൂഹത്തിന്റെ വിശ്രമരാഹിത്യത്തിനുള്ള സമാശ്വാസവും പുരോഗതിയിലേക്കുള്ള പാത വെളിപ്പെടുത്തുന്നതുമാണ് ലൂക്കാച്ചിന് നോവൽ. ബഖ്തിന്, സമൂഹത്തെ ജനകീയ ജനാധിപത്യരീതിയിൽരൂപപ്പെടുത്തുന്ന ചാലകശക്തികളുടെ മൂർത്തീകരണവും. ലൂക്കാച്ച് നോവലിനെ ഇതിഹാസവുമായി ബന്ധിച്ചു. ബഖ്തിൻ ഇതിഹാസവുമായി നോവലിന് ബന്ധമില്ലെന്ന് വിശദമാക്കുക മാത്രമല്ല അതിന്റെ തുറന്ന സ്വഭാവത്തിൽ കേന്ദ്രീകരിക്കുകയുംചെയ്തു. ലൂക്കാച്ച് ആഖ്യാതാവിന്റെ ശക്തമായ സാന്നിധ്യത്തിന് പ്രാധാന്യം കല്പിച്ചു; ബഖ്തിന്റെ ഭിന്നങ്ങളായസ്വരങ്ങൾക്കും. ഒരർത്ഥത്തിൽ സ്റ്റാലിനിസത്തിന്റെ സർവാധിപത്യത്തോടുള്ള കലഹമായിരുന്നു ബഖ്തിന് തന്റെ ബഹുസ്വരവാദം.[10]

ബഖ്തിൻ തന്റെ നോവൽസങ്കല്പങ്ങളിൽ ഇതിഹാസങ്ങൾക്ക് ഇടം നൽകുന്നില്ല എന്നതാണ് മറ്റൊരു ശ്രദ്ധേയമായ വസ്തുത. ഏകസ്വരാത്മകമായ ആഖ്യാന ശൈലിയാണ് ബഖ്തിന് ഇതിഹാസ ഗ്രന്ഥങ്ങൾ. ഇതിഹാസത്തിന്റേത് ഏകവാദപരമായ (monological) ഘടനയാണെന്ന് വാദിച്ച മിഖായേൽ ബഖ്തിൻ നോവൽ ഇതിഹാസബന്ധത്തെക്കുറിച്ചുള്ള സാമ്പ്രദായികധാരണ തിരുത്തുന്നു. ഇതിഹാസത്തിൽ ആഖ്യാതാവിന്റെ സ്വരത്തിനു മാത്രമേ പ്രാധാന്യമുള്ളൂ. കഥാപാത്രങ്ങളുടെ സ്വരങ്ങൾ ആഖ്യാതാവിന്റെ സ്വരത്തിനു കീഴ്പ്പെടുന്നു. ഇതിഹാസം സൃഷ്ടിക്കുന്ന പാഠങ്ങൾ ആഖ്യാതൃസ്വരത്തിന്റേതു മാത്രമാണ്. ദമിതമാക്കപ്പെടുന്ന

മറ്റുസ്വരങ്ങളെക്കൂടി തുറന്നുവിടുന്നതാണ് നോവലിന്റെ ഘടന. അങ്ങനെ നോവൽസംവാദപരം (dialogical) ആയിത്തീരുന്നു. ഭിന്നസ്വരങ്ങളുടെ പരസ്പര സമരത്തിലൂടെയാണ് നോവലിലെ അർത്ഥവ്യവഹാരം നടക്കുന്നത്. ആഖ്യാനത്തിലെ പദങ്ങളെ വർഗീകരിക്കുമ്പോൾ, ആഖ്യാതാവ് ഉപയോഗിക്കുന്ന അപരസ്വരങ്ങളെപ്പറ്റി ബഖ്തിൻ സൂചിപ്പിക്കുന്നു. മറ്റൊരാളിന്റെ വാക്കുകൾ ഉപയോഗിക്കുന്ന എഴുത്തുകാരൻ അവയ്ക്ക് ഉള്ളതിനു പുറമേയുള്ള മറ്റൊരർത്ഥംകൂടി നൽകുന്നു. ഇതിന്റെ ഫലമായി വാക്കിന് രണ്ടുതരം സൂചകത്വമുണ്ടാവുന്നു. ഉഭയപദം (ambivalent word) എന്നാണ് ബഖ്തിൽ ഈ ആഖ്യാനവിശേഷത്തിന് പേരിടുന്നത്. ആഖ്യാതാവിന്റെ സ്വരത്തിനു മാത്രം പ്രാധാന്യമുള്ള ഇതിഹാസഘടനയിൽ ഉഭയപദത്തിനു സ്ഥാനമില്ല. ഭാഷയുടെ സംവാദസ്വഭാവമില്ലാത്ത ഇതിഹാസാഖ്യാനത്തിൽ, ദൈവത്തിന്റെയോ സമുദായത്തിന്റെയോ സമ്പൂർണതയുമായി ചേർന്നുനിൽക്കുന്ന ആഖ്യാതാവിന്റെ വീക്ഷണസ്ഥാനത്തിനു മാത്രമേ പ്രാധാന്യമുള്ളൂ. അപനിർമ്മാണവാദിയായ ദെറിദ ഈ ആഖ്യാതാവിനെ ആത്മസാന്നിധ്യമെന്നും അതീന്ദ്രിയസൂചിതമെന്നും വിളിക്കും.[11]

### 1.10.1.2 കാർണിവൽസങ്കല്പവും ജനപ്രിയസംസ്കാരവും

മുഖ്യധാരയിൽ ഏറ്റവും ചർച്ചചെയ്യപ്പെടുന്ന സുപ്രധാനമായ ബഖ്തിൻ സങ്കല്പനമാണ് കാർണിവൽ. കാർണിവൽ എന്ന സങ്കല്പത്തെ മാറ്റിനിർത്തിയുള്ള പോളിഫണിയെക്കുറിച്ചുള്ള ചർച്ചകൾ അപൂർണവുമാണ്. കാർണിവൽ എന്ന ആശയത്തിലൂടെയാണ് സാധാരണക്കാരുടെ ഉത്സവാഘോഷങ്ങളും സംസ്കാരങ്ങളും നോവലിന്റെ ചരിത്രവുമായി ബന്ധപ്പെടുന്ന രീതി അദ്ദേഹം വിശദീകരിക്കുന്നത്.

ഫ്രഞ്ച് സറ്റയറിസ്റ്റായ റാബലെയുടെ കൃതികളെക്കുറിച്ചുള്ള പഠനമായ 'റാബലെ ആൻഡ് ഹിസ് വേൾഡി'ലാണ് ബഖ്തിൻ കാർണിവൽ എന്ന സങ്കല്പനം അവതരിപ്പിച്ചത്. ക്രൈസ്തവ സഭാജീവിതം ഉപേക്ഷിച്ച് ഭിഷഗ്വരനായിത്തീർന്ന സാഹിത്യകാരനാണ് റാബലെ( Francois Rabelais, 1494-1593). പാന്റഗ്രുവൽ (1532), ഗാർഗന്തുവ (1534) തുടങ്ങിയ ആക്ഷേപഹാസ്യാഖ്യായികകളാണ് റാബലെയുടെ രചനകൾ. അക്കാലത്തെ ദൈവശാസ്ത്രജ്ഞരുടെ എതിർപ്പു നേരിട്ട ഈ കൃതികൾക്ക് വ്യാപകമായ ജനപ്രീതിയുണ്ടായിരുന്നു. ഉന്നതകുല ജീവിതത്തെ അവ പരിഹാസംകൊണ്ടു കുളിപ്പിച്ചു.[12]

മധ്യകാലയൂറോപ്പിൽ സാധാരണ ജനജീവിതത്തിന് ആനന്ദം പകരുന്ന ഉത്സവങ്ങളായിരുന്നു കാർണിവലുകൾ. ആഹ്ലാദമഹോത്സവം, ഈസ്റ്റർ നോമ്പുദിവസങ്ങൾക്കു മുന്നോടിയായുള്ള ഉത്സവം തുടങ്ങിയ അർത്ഥങ്ങൾ കാർണിവൽ എന്ന നാമം കൊണ്ട് വിവക്ഷിക്കപ്പെടുന്നു. വിഭവ സമൃദ്ധമായ ആഹാരപദാർത്ഥങ്ങളും വിനോദപ്രദർശനങ്ങളും ഉൾക്കൊള്ളുന്ന രീതിയിൽ ചത്വരങ്ങളിലും തെരുവുകളിലും ഒരുവിധ നിയമങ്ങളോവിധി വിലക്കുകളോകൂടാതെ നടത്തപ്പെടുന്ന പൊതുജനോത്സവങ്ങളാണ് ഇത്തരം വേദികൾ. ഔദ്യോഗികസംസ്കാരത്തോടും പ്രവൃത്തികളോടുമുള്ള പരിഹാസമാണ് കാർണിവൽവേദികളുടെ മുഖമുദ്ര. സാമാന്യ ജനവിഭാഗത്തിന്റെലോകസങ്കല്പത്തിന്റെ ആവിഷ്ക്കാരമായി ബഖ്തിൻ കാർണിവൽസങ്കല്പത്തെ അവതരിപ്പിച്ചു. പാവപ്പെട്ടവരും പണക്കാരും തമ്മിലെ വൈരുദ്ധ്യം ഇത്തരം ആഘോഷങ്ങളിൽ പ്രകടമാകുന്നു. അതിൽ പങ്കെടുക്കുന്ന ജനവിഭാഗങ്ങൾ ഒരേസമയം കാണികളും അഭിനേതാ

 ISSN: 2582 - 2594

ക്കളുമായിത്തീരുന്നു. ഉന്നതശ്രേണിയോടുള്ള പരിഹാസം ആയുധമാക്കിയ ഇത്തരം ഉത്സവ നിമിഷങ്ങളിൽ രാജാക്കന്മാരും പ്രഭുക്കളും ഔദ്യോഗികസംസ്കാരങ്ങളും വിഷയമായിത്തീരുന്നുണ്ട്. സാധാരണ ജനങ്ങളുടെ വികാരത്തെ മുഖ്യധാരയുടെ പ്രധാന ഘടകമാക്കിത്തീർക്കുന്നതിലൂടെ ഇത്തരം ഉത്സവങ്ങൾ സാഹിത്യലോകത്തിന്റെയും മനുഷ്യസംസ്ക്കാരത്തിന്റെയും കേന്ദ്രബിന്ദുവായി പ്രതിഷ്ഠിക്കപ്പെടുന്നു. അഥവാ എല്ലാ ജനവിഭാഗങ്ങളുടെയും ശബ്ദത്തിനും ആശയങ്ങൾക്കും പ്രാമുഖ്യം നൽകുന്ന ഇത്തരം ഉത്സവസംസ്കൃതിയുടെ ജനകീയഭാവമാണ് പോളിഫോണിക് നോവലിന്റെ പ്രാഗ്രൂപത്തെ നിർണയിച്ചതെന്നാണ് ബഖ്തിന്റെ മതം.

### ഹെറ്ററോഗ്ലോസ്സിയ (ബഹുഭാഷണത)

സംവാദപരതയുടെയും ബഹുസ്വരതയുടെയും അടിസ്ഥാനമായി നിലകൊള്ളുന്ന സുപ്രധാനമായ മറ്റൊരു ചിന്തയാണ് ഹെറ്ററോഗ്ലോസ്സിയ (Heteroglossia). ഭിന്നഭാഷണത അല്ലെങ്കിൽ ബഹുഭാഷണത എന്ന് ഇതിനെ മലയാളത്തിൽ വിവക്ഷിക്കാം. നോവലിന്റെ ഭാഷാപരമായ വൈവിധ്യത്തെയാണ് ഈ സങ്കല്പം അടയാളപ്പെടുത്തുന്നത്. ബഖ്തിന്റെ വീക്ഷണത്തിൽ, ഭാഷ കേവലം വ്യാകരണപരമായ ഒരു സംവിധാനമല്ല, മറിച്ച് വിവിധ സാമൂഹിക-ചരിത്ര സ്വരങ്ങളുടെ (Socio-Historical Voices) ഒരു കൂടിച്ചേരലാണ്. ഒരു നോവലിനുള്ളിൽ, കഥാപാത്രങ്ങളുടെ സംസാരഭാഷ, സാമൂഹികവിഭാഗങ്ങളുടെ വ്യവഹാരങ്ങൾ, ഔദ്യോഗികഭാഷ, പത്രഭാഷ, സാഹിത്യഭാഷ തുടങ്ങിയ നിരവധി ഭിന്നസ്വരങ്ങൾ ഒരേസമയം പ്രവർത്തിക്കുന്നു. നോവലിസ്റ്റിന്റെ സ്വന്തം ശബ്ദം ഈ മറ്റ് ശബ്ദങ്ങളുമായി നിരന്തരം സംവദിക്കുകയും, ചിലപ്പോൾ അവയെ അനുകരിക്കുകയും, ചിലപ്പോൾ പരിഹസിക്കുകയും ചെയ്യുന്നു. ഈ ഭാഷാപരമായ ഇടപെടലാണ് നോവലിനെ ഏറ്റവും ജനാധിപത്യപരമായ രൂപമാക്കിമാറ്റുന്നത്. നോവലിലെ ഓരോവാക്കും അതിന്റെ സാമൂഹിക പശ്ചാത്തലവും ചരിത്രപരമായ വ്യാഖ്യാനങ്ങളും ഉൾക്കൊള്ളുന്നു. അതിനാൽ ഒരു വാക്കിന് രണ്ടുതരം സൂചകത്വമുണ്ടാവുന്നു. ഈ ആഖ്യാനവിശേഷത്തിന് ബഖ്തിൻ നൽകുന്ന പേരാണ് ഉഭയപദം (ambivalent word).

### ഉപസംഹാരം:

നോവൽസാഹിത്യത്തെ മുൻനിർത്തി മിഖായേൽ ബഖ്തിൻ അവതരിപ്പിച്ച പോളിഫണി (ബഹുസ്വരത), കാർണിവൽ (ഉത്സവം/ആഘോഷം), ഡയലോജിസം (സംവാദപരത) എന്നീ സങ്കല്പങ്ങൾ സാഹിത്യസിദ്ധാന്തങ്ങളിൽ ശ്രദ്ധേയമാണ്. നോവൽ എന്നാൽ അധികാരവൃത്തങ്ങൾക്കും ഔദ്യോഗികസംസ്കാരത്തിനും എതിരായി വർത്തിക്കാൻ ശേഷിയുള്ള സാഹിത്യരൂപമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഒരു പ്രത്യയശാസ്ത്രത്തിനും മേൽക്കോയ്മ നൽകാതെ, ജനാധിപത്യപരമായ ശൈലിയിൽ ജീവിതത്തിന്റെ വിവിധ വശങ്ങളെ പ്രതിഫലിപ്പിക്കുകയും ഔദ്യോഗികസംസ്കാരത്തെ എതിർക്കുകയും ചെയ്യുന്ന സാഹിത്യരൂപമാണ് അദ്ദേഹത്തിന് നോവൽ.

പോളിഫോണിക് നോവലുകൾ ഒരു ശബ്ദത്തിനും ആധികാരികമായ സ്ഥാനം നൽകാതെവ്യത്യസ്തവും വൈരുദ്ധ്യവുമായ ഒട്ടനവധി ശബ്ദങ്ങൾക്ക് ഇടമൊരുക്കുന്നു. നോവലിലൂടെ സംസാരിക്കുന്നത് നോവലിസ്റ്റ് എന്ന ഒരു വ്യക്തിയല്ല, മറിച്ച് ഭിന്നവ്യവഹാരങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു സമൂഹമാണെന്ന് ഈ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. കാർണിവൽ സങ്കല്പത്തിലൂ

ടെ, ഔദ്യോഗിക സംസ്കാരവിരുദ്ധമായ ജനകീയവും ബഹുഭാഷണസ്വരവുമായ രൂപമാണ് നോവൽ എന്ന നിഗമനത്തിലേക്ക് ബഖ്തിൻ എത്തിച്ചേരുന്നു.

സംവാദപരത എന്ന ആശയത്തിലൂടെ, ഗ്രന്ഥകർത്താവിന്റെ വീക്ഷണങ്ങൾക്കപ്പുറം വക്താവും ശ്രോതാവും തമ്മിലുള്ള പാരസ്പര്യത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ബഖ്തിൻ തന്റെ ചിന്താമണ്ഡലം സാഹിത്യസിദ്ധാന്തത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ലെന്നും രാഷ്ട്രീയം, തത്ത്വചിന്ത, ഭാഷാശാസ്ത്രം തുടങ്ങിയമേഖലകളിലേക്ക് വ്യാപിച്ചുനിൽക്കുന്നുവെന്നും തെളിയിച്ചു. ഒരർത്ഥത്തിൽ, സ്റ്റാലിനിസത്തിന്റെ സർവാധിപത്യത്തോടുള്ള കലഹമായിരുന്ന അദ്ദേഹത്തിന്റെ ബഹുസ്വരവാദം. ഇന്ന് റഷ്യയുടെ വൈജ്ഞാനികമേഖലയിൽ മാത്രമല്ല, ലോകമെമ്പാടും ഏറ്റവുമധികം പഠിക്കപ്പെടുന്ന ഒരു സൈദ്ധാന്തികനാണ് മിഖായേൽ ബഖ്തിൻ.

## Reference


1. ഡോ. രാധിക സി. നായർ, സമകാലികസാഹിത്യ സിദ്ധാന്തം, കറണ്ട് ബുക്സ്, കോട്ടയം, 2001, പു. 90
2. ഡോ. ഇ.വി രാമകൃഷ്ണൻ, വാക്കിലെ സമൂഹം, ഡി.സി. ബുക്സ്, കോട്ടയം, 1997, പു.12
3. 'Polyphony, a musical term, deriving from the Greek polys 'many' and phonos 'sound' used of music in which the parts are independent of each other though forming an acceptable harmony.' Babu rajan, pp, Milan kundera's novels as polyphony, university of Calicut, 2009.
4. 'The characters in a polyphonic novel are allowed maximum freedom so that they could argue with each other and even with their author. That is, in polyphonic novels different centres of consciousness are allowed to interact on the plane of the novel.'
5. David Lodge, After Bhakthin, Essays on Fiction and Criticism, London, Routledge, 1990, P, 86.
6. Mikhail Baktin, Problems of Dostoevsky's Poetics, 1929, Ed. and trans. Caryl Emerson, Manchester, Manchester UP, 1984, P51
7. 'no kind of passivity on the part of the author, who only assembles other's viewpoints, completely rejecting his own viewpoint' Katerina Clerk and Michael Holquist, Mikhail Baktin, Cambridge: Harvard UP, 1984, P
8. ഡോ. രാധിക സി. നായർ, സമകാലികസാഹിത്യ സിദ്ധാന്തം, കറണ്ട് ബുക്സ്, കോട്ടയം, 2001, പു. 95
9. പി.പി. രവീന്ദ്രൻ, ആധുനികാനന്തരം, എസ്.പി.സി.എസ്, കോട്ടയം, 2018, പുറം 65, 66
10. ഡോ.രാധിക സി. നായർ, സമകാലികസാഹിത്യ സിദ്ധാന്തം, കറണ്ട് ബുക്സ്, കോട്ടയം, 2001, പു. 97
11. പി.കെ. രാജശേഖരൻ, അന്ധനായ ദൈവം, ഡി.സി. ബുക്സ്, കോട്ടയം, 2019, പു. 37
12. ഡോ. രാധിക സി. നായർ, സമകാലികസാഹിത്യ സിദ്ധാന്തം, കറണ്ട് ബുക്സ്, കോട്ടയം, 2001, പു. 98


 ISSN: 2582 - 2594